## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 3020** 03.04.2013- ലെ മറുപടിക്ക്

# വിഷൻ 2030

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ : | | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | വിഷൻ 2030-ൽ സർക്കാർ മുന്നോട്ടുവയ്ക്കുന്ന പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | വിവിധ മേഖലകളിൽ ദീർഘകാല വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള വികസന പരിപാടികളുമാണ് വിഷൻ 2030-ൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത വിഷയത്തിൽ സർക്കാർ ആസൂത്രണ ബോർഡുമായി നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാന സർക്കാരിനു വേണ്ടി സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി തയ്യാറാക്കുന്നത്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനമാണ് സാങ്കേതിക സഹായം നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | വിഷൻ 2030 – ന് നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്ണോമിക്സ് റിസർച്ച് ഡയറക്ടർ ജനറൽ അവതരിപ്പിച്ച പദ്ധതികൾ വിശദമാക്കാമോ ; | (സി) | പദ്ധതികൾക്ക് അന്തിമരൂപം നൽകി യിട്ടില്ല. കൃഷി-അനുബന്ധ മേഖല കൾ, ഗ്രാമ വികസനം, വ്യവസായം, അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, സാമൂഹ്യ ഉന്നമനം, നഗര വികസനം, വിവര സാങ്കേതിക വിദ്യ, ടൂറിസം, ജലവിഭവം, കുടിയേറ്റം, ഭരണനിർവഹണം, തുടങ്ങി |
| (ഡി) | വിഷൻ 2030-ൽ കാർഷിക മേഖല സംരക്ഷിക്കുന്നതിനും പരിപോഷി പ്പിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യു ന്നത് എന്നും സാർവത്രിക വിദ്യാഭ്യാസം സൗജന്യമായി നിലനിർത്തി സംരക്ഷിക്കാനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനും എന്തെല്ലാം പരിപാടികളാണ് ഉള്ളത് എന്നും വിശദമാക്കാമോ ? | (ഡി) | വികസന ലക്ഷ്യങ്ങൾ മുൻകൂട്ടി നിശ്ചയിക്കാൻ കഴിയുന്ന എല്ലാ മേഖലകളും പദ്ധതിയിൽ ഉൾപ്പെടുത്തു ന്നതാണ്. കരട് പദ്ധതി നിർദ്ദേശങ്ങൾ എം.എൽ.എ.മാർ, യുവജനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുമായി ചർച്ച ചെയ്ത് അന്തിമരൂപം നല്കുന്ന തിനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ, പൊതു ജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കു ന്നതുമാണ്. |

(signature)

**സെക്ഷൻ ഓഫീസർ.**